**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 689** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക്ക് വാഹനങ്ങൾക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക്ക് വാഹനങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ഇത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹന ഉപഭോക്താക്കൾക്കായി വൈദ്യുതി വകുപ്പ് പ്രത്യേകമായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ? | (എ) | പെട്രോൾവില വർദ്ധനവ് മൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകി വരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാന ത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ. ബി.എൽ-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07.11.2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു. 1. നേമം, തിരുവനന്തപുരം 2. ഓലൈ, കൊല്ലം 3. പാലാരിവട്ടം, എറണാകുളം 4. വിയ്യൂർ, തൃശ്ശൂർ 5. നല്ലളം, കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ ഇതിനു പുറമേ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾ ക്കുള്ളിൽ തന്നെ |

പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം 10 പോൾമൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാ- ടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09.10.2021-ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് ആവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഉപഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ. ബി.എൽ. നിർവ്വഹിച്ചു വരുന്നു. ഇതോടൊപ്പം വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായും നിലവിലെ ഡീസൽ, പെട്രോൾ വാഹനങ്ങളുടെ അധിക ചെലവ് നിയന്ത്രിക്കുന്നതിനും 65 വൈദ്യുതി വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഓർഡർ വൈദ്യുതി ബോർഡ് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴി ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് സാധിക്കും. അനെർട്ട് മുഖേന വാഹന ഉപഭോക്താക്കൾക്കായി ദേശീയപാത, എം.സി റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിലായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഹോട്ടലുകൾ, മാളുകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി സൗരോർജ്ജ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം 5 സ്റ്റേഷനുകൾ ഈ വർഷം തുടങ്ങുന്നതാണ്. സംസ്ഥാനത്ത് ദേശീയപാത, എം.സി റോഡ് ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ

എന്നിവിടങ്ങളിൽ ഇലക്ട്രിക് കാറുകൾക്കായുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ചാർജിംഗ് മെഷീന്റെ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്റർ, ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ച്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'ഗോ ഇലക്ട്രിക് ക്യാമ്പയിൻ' 2021 ജൂൺ 5-ന് തുടങ്ങി. ഈ ക്യാമ്പയിനിന്റെ ഭാഗമായി നിലവിൽ 26 വെബിനാറുകൾ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. 2021 ജൂൺ 10 -ന് ഗോ ഇലക്ട്രിക് ക്യാമ്പയിനിന്റെ ഭാഗമായി പ്രധാന ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാതാക്കളെ ഉൾപ്പെടുത്തി വെർച്വൽ എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. മേല്പറഞ്ഞ വെബിനാറുകൾ ഇ.എം.സി യുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും പ്രക്ഷേപണം നടത്തുകയുണ്ടായി. തുടർന്നും ഇത്തരത്തിലുള്ള ബോധവത്ക്കരണ പരിപാടികൾ നടത്തുവാനുദ്ദേശിക്കുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡുമായി (സി.ഇ.എസ്.എൽ) ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5 ന് കരാറിൽ ഏർപ്പെട്ടുകയുണ്ടായി. ഈ പദ്ധതി പ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് 2 വീലറുകൾ വാങ്ങുവാൻ സാധിക്കും. പോർട്ടൽ മുഖാന്തിരം വില്പന നടത്തുന്ന തെരഞ്ഞെടുത്ത ഇലക്ട്രിക് 2 വീലറുകൾക്ക്, കേന്ദ്ര സർക്കാറിനു കീഴിലുള്ള മിനിസ്ട്രി ഓഫ് ഹെവി ഇൻഡസ്ട്രീസ്, എഫ്.എ.എം.ഇ 2 (FAME 2) സബ്സിഡി സ്കീം പ്രകാരം സബ്സിഡി ലഭിക്കുന്നതാണ്. 2021 ജൂൺ 11 മുതൽ, ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി ഇൻസെന്റീവ് 10000 /kWh നിന്നും 15000/KWh ആയി ഉയർത്തിയിട്ടുണ്ട്. പരമാവധി വാഹനത്തിന്റെ വിലയുടെ 40% വരെ സബ്സിഡി ലഭിക്കും. പൊതുജനങ്ങൾക്ക് തെരഞ്ഞെടുത്ത വാഹന നിർമ്മാതാക്കളുടെ ഇലക്ട്രിക് 2 വീലറുകൾ www.MyEV.org.in എന്ന വെബ്സൈറ്റിൽ നിന്നും കൂടാതെ MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ

| | | | |
|---|---|---|---|
| | | | സ്റ്റോറിലും, ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) വഴിയും ബുക്ക് ചെയ്യാനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മേല്പറഞ്ഞ പദ്ധതി പ്രകാരം ലഭ്യമാകുന്ന ഇലക്ട്രിക് വാഹനങ്ങളുടെ പ്രദർശനം 2021 സെപ്റ്റംബർ 1 മുതൽ 4 വരെ വെള്ളയമ്പലം ഇൻസ്റ്റിട്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുക യുണ്ടായി. 'മാറാം ഇലക്ട്രിക് വാഹനങ്ങളിലേക്ക്' എന്ന സന്ദേശമുയർത്തിക്കൊണ്ട് എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ 2021 ഡിസംബർ 13 ന് ഹരിത യാത്ര സംഘടിപ്പിച്ചു. പാളയം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ആരംഭിച്ച വാഹന റാലി നടൻ ടോവിനോ തോമസ് ഫ്ലാഗ് ഓഫ് ചെയ്തു. എം.എൽ.എമാരായ ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. വി.കെ. പ്രശാന്ത്, യുവജന കമ്മീഷൻ അധ്യക്ഷ ശ്രീമതി. ഡോ. ചിന്ത ജെറോം, ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ തുടങ്ങിയവർ പങ്കെടുത്തു. സർക്കാർ- പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യകമ്പനികൾ, വ്യക്തികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടാണ് റാലി സംഘടിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ